**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **09-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ സഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാകുന്ന സാഹചര്യത്തിൽ തൊഴിൽ സഭകൾ എങ്ങനെ ബദലാവും എന്നാണ് സർക്കാർ വിഭാവനം ചെയ്യുന്നത്; വ്യക്തമാക്കാമോ; | (എ) | സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിന് ലക്ഷ്യമിട്ടുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ എന്ന ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട് 20 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് കേരള നോളജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീയുമായി ചേർന്ന് തൊഴിലന്വേഷകരെ കണ്ടെത്തുന്നതിന് സമഗ്രമായ സർവ്വേയും നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി തൊഴിലന്വേഷകരെ തിരിച്ചറിയുകയും അനുയോജ്യമായ തൊഴിൽ സാധ്യതകൾ കണ്ടെത്തുകയും കേരളത്തിനും രാജ്യത്തിനും അകത്തും പുറത്തുമുള്ള തൊഴിലുകളിലേയ്ക്ക് തൊഴിലന്വേഷകരെ നയിക്കുകയുമാണ് തൊഴിൽ സഭകളിലൂടെ ലക്ഷ്യമിട്ടുന്നത്. തൊഴിൽ തേടുന്നവർ, സ്വയംതൊഴിൽ സംരംഭകർ, തൊഴിൽദായക സംരംഭകർ, സംരംഭക പുനരുജ്ജീവനം ആവശ്യമുള്ളവർ, സംരംഭകത്വ മികവ് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, നൈപുണ്യ വികസനം ആവശ്യമുള്ളവർ എന്നിവരുടെ ഒരു കൂടിചേരൽ ആണ് തൊഴിൽ സഭയിൽ നടക്കുക. 18നും 59 വയസ്സിനുമിടയ്ക്കുള്ള തൊഴിൽ അന്വേഷിക്കുന്ന ആർക്കും തൊഴിൽ സംരഭ സാധ്യതകൾ മനസ്സിലാക്കുന്നതിനും ചർച്ച ചെയ്യുന്നതിനും സർക്കാർ സംവിധാനങ്ങളുമായി ഇവരെ ബന്ധപ്പെടുത്തുന്നതിനുമുള്ള ജനകീയ ഇടവും ഇടപെടലുമായിരിക്കും തൊഴിൽ സഭ. വിജ്ഞാന തൊഴിൽമേഖലകളിലെ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി തൊഴിൽ |

| | | | |
|---|---|---|---|
| | | | അന്വേഷകരെയും തൊഴിൽദായകരെയും ബന്ധിപ്പിച്ചുകൊണ്ട് DWMS എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ആഭ്യന്തര തൊഴിൽ സാധ്യതകളെ കൂടെ വികസിപ്പിക്കാൻ വിവിധ പദ്ധതികൾ വഴി സർക്കാർ ശ്രമിക്കുന്നു. ഇക്കാരണങ്ങൾ കൊണ്ടുതന്നെ തൊഴിൽസഭ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കാൻ സഹായിക്കുന്നു. |
| (ബി) | തൊഴിൽ അന്വേഷകരേയും തൊഴിൽ ദായകരേയും ഒരു മേഖലയിൽ അണിനിരത്താൻ തൊഴിൽ സഭ എന്ന ആശയം കൊണ്ട് കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കമോ; പ്രാദേശികാടിസ്ഥാനത്തിൽ സമഗ്രമായ തൊഴിൽ പദ്ധതിയായി മാറാൻ തൊഴിൽ സഭ ലക്ഷ്യം വയ്ക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. തൊഴിൽ തേടുന്നവർ, സ്വയംതൊഴിൽ സംരംഭകർ, തൊഴിൽദായക സംരംഭകർ, സംരംഭക പുനരുജ്ജീവനം ആവശ്യമുള്ളവർ, സംരംഭകത്വ മികവ് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, നൈപുണ്യ വികസനം ആവശ്യമുള്ളവർ എന്നിവരുടെ ഒരു കൂടിചേരൽ ആണ് തൊഴിൽ സഭ. തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും നൈപുണ്യ പരിശീലന ഏജൻസികളെയും കെ-ഡിസ്കിന്റെ നേതൃത്വത്തിൽ ബന്ധിപ്പിക്കുന്നതിന് വികസിപ്പിച്ച ഒരു ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് DWMS. തൊഴിൽ മേഖലയിലേക്ക് ആവശ്യമായ മാനുഷിക വിഭവത്തിന്റെ ലഭ്യതയും ആവശ്യവും വിതരണവും കൈകാര്യം ചെയ്യുന്ന പ്ലാറ്റ്ഫോമായി DWMS പ്രവർത്തിക്കും. സംസ്ഥാനം നേരിടുന്ന സാമൂഹിക സാമ്പത്തിക പ്രതിസന്ധികളെ നേരിടുന്നതിന് തൊഴിൽ സാധ്യതകളും, തൊഴിൽ ദായകരെയും സൃഷ്ടിച്ചുകൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനായി കെ-ഡിസ്ക് കുടുംബശ്രീയുമായി ചേർന്ന് "എന്റെ തൊഴിൽ എന്റെ അഭിമാനം" പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ് മെന്റ് സിസ്റ്റത്തിലേയ്ക്ക് (DWMS) രജിസ്റ്റർ ചെയ്തിട്ടുള്ള 29 ലക്ഷത്തോളം പേരെ തൊഴിൽസഭ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവരോടൊപ്പം, പുതുതായി സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ളവരേയും തൊഴിൽ അന്വേഷകരേയും പങ്കെടുപ്പിച്ച് തൊഴിൽ സംരംഭക സാധ്യതകളും, തൊഴിൽ പരിശീലന സാധ്യതകളും തൊഴിൽ അന്വേഷകർക്ക് പരിചയപ്പെടുത്തുന്നതിന് തൊഴിൽ സഭകൾ കൊണ്ട് സാധിക്കും. സാമൂഹ്യനീതി ഉറപ്പാക്കി തൊഴിൽ സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള പിന്തുണ നൽകുന്നതിനും തൊഴിൽ ഏകോപനത്തിനുമായുള്ള സൂക്ഷ്മതല ജനകീയ സംവിധാനമായാണ് തൊഴിൽ സഭകൾ സംഘടിപ്പിക്കുന്നത്. ആധുനിക വൈജ്ഞാനിക |

| | | | |
|---|---|---|---|
| | | | മേഖലകളുടെ സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി ഉല്പാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കുകയും അതുവഴി തൊഴിൽസൃഷ്ടി ഉറപ്പാക്കുന്നതിന് തല്പരരായവർക്ക് അറിവ് നൽകുകയും ചെയ്യുന്ന വേദികളാണ് തൊഴിൽ സഭകൾ. തൊഴിൽ സഭകളിൽ പങ്കെടുക്കുന്നവരുടെ നൈപുണ്യം, പ്രവർത്തന പരിചയം, താത്പര്യം, മറ്റ് വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സംരംഭക ക്ലബ്ബുകൾ, തൊഴിൽ ക്ലബ്ബുകൾ , തൊഴിൽ കൂട്ടങ്ങൾ എന്നിവയിൽ ഉയരുന്ന ചർച്ചകൾക്കും തീരുമാനങ്ങൾക്കും അനുസൃതമായി നൈപുണ്യ വികസനത്തിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇതര തൊഴിലുകൾ ആർജിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി, തൊഴിൽ / സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും പരിചയപ്പെടുത്തി തൊഴിൽ പ്രാപ്തമാക്കുന്നതടക്കമുള്ള സമഗ്രമായ തൊഴിൽ ആസൂത്രണം സാധ്യമാക്കുന്നതിനാണ് ലക്ഷ്യം വെക്കുന്നത്. |
| (സി) | 20 ലക്ഷം തൊഴിൽ, ഒരു വർഷം ഒരു ലക്ഷം സംരംഭം എന്നീ പദ്ധതികളെ തൊഴിൽ സഭയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിന് ലക്ഷ്യമിടുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയിൽ അഞ്ച് വർഷം കൊണ്ട് ഇരുപത് ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യം സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിലേക്കായി കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പ്ലാറ്റ്ഫോം വഴി തൊഴിലന്വേഷകരെയും തൊഴിൽ ദായകരെയും ബന്ധപ്പെടുത്താൻ കഴിയുന്നതാണ്. വ്യവസായ വകുപ്പിന്റെ ഇന്റേണുകളും തദ്ദേശഭരണ സ്ഥാപന തലത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു വർഷം ഒരു ലക്ഷം സംരംഭം എന്നത് വ്യവസായ വകുപ്പിന്റെ പദ്ധതിയാണ്. അതിന് നേതൃത്വം നൽകുന്ന വ്യവസായ വകുപ്പ് ഇന്റേണുകൾ തന്നെയാണ് തൊഴിൽസഭയുടെ സംരഭക വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത്. ഇതിനാൽ തന്നെ വ്യവസായ വകുപ്പിന്റെഉൾപ്പടെയുള്ള എല്ലാ സംരഭകത്വ വികസന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കാൻ തൊഴിൽ സഭയുടെ തുടർ സംവിധാനങ്ങൾക്ക് കഴിയും. |
| (ഡി) | നൈപുണ്യ തൊഴിലവസരങ്ങളെ തൊഴിൽ സഭകൾ എങ്ങനെ പ്രയോജനപ്പെടുത്തുമെന്നാണ് കരുതുന്നത്; | (ഡി) | വിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവുമുള്ള തൊഴിൽ രഹിതർക്ക് നൈപുണ്യ വികസനത്തിലൂടെ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | തൊഴിലവസരങ്ങൾ ലഭിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പരിശീലന ചെലവ് പൂർണ്ണമായോ, ഭാഗികമായോ അതത് വ്യക്തികൾ തന്നെ വഹിക്കുന്ന സമീപനമാണ് പരിശീലനങ്ങളിൽ സ്വീകരിക്കുന്നത്. പ്രാദേശികമായി ലഭ്യമായ മാനവവിഭവശേഷിയെ നിലവിലുള്ള തൊഴിലവസരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ കാര്യശേഷി വർദ്ധിപ്പിച്ച് പ്രാപ്തരാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് അവരുടെ കഴിവിന്റേയും വിദ്യാഭ്യാസ യോഗ്യതയുടേയും അഭിരുചിയുടേയും പ്രവർത്തി പരിചയത്തിന്റേയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ പരിശീലനമാണ് നൽകുന്നത്. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപന തലത്തിൽ നേതൃത്വം നൽകേണ്ടത് സംരംഭകത്വ - തൊഴിൽ വികസന കൗൺസിൽ ആണ്. സംസ്ഥാനത്ത് നൈപുണ്യ വികസനത്തിനായി വിപുലമായ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. KASE, ASAP, കുടുംബശ്രീയുടെ DDUGKY തുടങ്ങിയ സ്ഥാപനങ്ങൾ നിരവധി നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പ് അംഗീകരിച്ച സ്ഥാപനങ്ങളും നൈപുണ്യ വികസന മേഖലകളിൽ പ്രവർത്തിക്കുന്നു. ഇവയെ എല്ലാം തൊഴിൽസഭയുമായി ബന്ധിപ്പിച്ചു അവസരങ്ങൾ സൃഷ്ടിക്കുന്നു. തൊഴിലന്വേഷകർക്ക് ഇത്തരം സാദ്ധ്യതകളെ ഫലപ്രദമായി വിനിയോഗിക്കാനുള്ള അവസരവും സൃഷ്ടിക്കുന്നു. |
| (ഇ) | ഇതിൽ സ്ത്രീകൾ, അംഗപരിമിതർ, ട്രാൻസ്ജന്റേഴ്സ്, ആദിവാസികൾ, വിധവകൾ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകുന്നതിന് പദ്ധതിയുണ്ടോ? | (ഇ) | വിവാഹത്തെ തുടർന്ന് തൊഴിൽ തുടർച്ചയില്ലാതെ പോയവർ, വിധവകൾ, പിരിഞ്ഞു താമസിക്കുന്നവർ തുടങ്ങി സ്ത്രീ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും പെട്ട തൊഴിലന്വേഷകരുടെ പ്രശ്നങ്ങൾ തൊഴിൽസഭകളിൽ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് ഈ വിഭാഗങ്ങളിൽ പെട്ടവരുടെ പങ്കാളിത്തം, കുടുംബശ്രീ വാർഡ്തല സംഘാടക സമിതികൾ ഉറപ്പ് വരുത്തുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷി വിഭാഗക്കാർ എന്നിങ്ങനെ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്ന എല്ലാ വിഭാഗങ്ങളുടെയും സവിശേഷ തൊഴിൽ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനു തൊഴിൽസഭാ ചർച്ചകളിൽ |

| | | | |
|---|---|---|---|
| | | | പ്രത്യേക ഊന്നൽ നൽകുന്നു. ഈ വിഭാഗത്തിൽ പെട്ടവർക്ക് ആവശ്യമായ പരിഗണന ലഭ്യമാക്കുന്നതിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടലുകളും തൊഴിൽ സഭ വിഭാവനം ചെയ്യുന്നു. DWMS ൽ രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് മേൽ സൂചിപ്പിച്ച വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ